പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 195

23.01.2014 ൽ
മറുപടിയ്ക്ക്

## എല്ലാ നിയോജകമണ്ഡലങ്ങളിലും ഐ.ടി. പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ് ;<br>ശ്രീ. മോൻസ് ജോസഫ് ;<br>ശ്രീ. റ്റി. യു. കുരുവിള ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | എ) സർക്കാർ മേഖലയിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. ഇപ്പോൾ പ്രധാന നഗരങ്ങൾ ഹബ്ബുകളായും മറ്റ് ഐ.ടി. വികസനം സാധ്യതയുള്ള പ്രദേശങ്ങൾ സ്പോക്കുകളായുമുള്ള മാതൃകയിലാണ് സർക്കാർ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത്. പ്രധാനപ്പെട്ട നഗരങ്ങളിലല്ലാതെ ഐ.ടി. പാർക്കുകളുടെ വികസന സാദ്ധ്യത കുറവാണ്. ഇത് കൂടാതെ സ്വന്തമായി ഭൂമിയും മറ്റ് സൗകര്യങ്ങളുമുള്ള സ്വകാര്യ സംരംഭകർക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഐ.ടി. മേഖലയിലുള്ള സംസ്ഥാനത്തിന്റെ വിപുലമായ സാദ്ധ്യത പരിഗണിച്ച് ഐ.ടി. മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | ബി) സംസ്ഥാനത്ത് ഐ.ടി. വ്യവസായ വികസനത്തിനും പ്രോത്സാഹനത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ആഗോള നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവിടങ്ങളിലെ പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. കൊല്ലം, ചേർത്തല, കൊരട്ടി എന്നിവിടങ്ങളിലെ ചെറുകിട ഐ.ടി. പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കണ്ണൂർ, കാസർഗോഡ്, പാല, അരീക്കോട് എന്നീ സ്ഥലങ്ങളിലും ഐ.ടി. പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 2012 ലെ സംസ്ഥാന ഐ.ടി. നയം പ്രകാരം ഐ.ടി. വികസനം ലക്ഷ്യമാക്കി സ്വകാര്യ - സംയുക്ത ഐ.ടി./ഹൈടെക് പാർക്കുകൾ സ്ഥാപിക്കുവാൻ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ